**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 687 | 10.03.2015-ൽ മറുപടിയ്ക്ക്

## മിഷൻ 676-പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള സമ്പൂർണ്ണ ഭവന പദ്ധതി

**ചോദ്യം**
**ശ്രീ.വി.പി.സജീന്ദ്രൻ**
**ശ്രീ.ഐ.സി.ബാലകൃഷ്ണൻ**
**ശ്രീ.അൻവർ സാദത്ത്**
**ശ്രീ.പി.എ.മാധവൻ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടിക വർഗ്ഗ വിഭാഗത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്തെ ഭവനരഹിതരായ 30308 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മിഷൻ 676-ൽ ഉൾപ്പെടുത്തി ഭവനനിർമ്മാണം നടത്തുന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. |
| ബി) | ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു എന്നതിന്റെ വിശദാംശങ്ങൾ നൽകാമോ; | ബി) | പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതി, ഐ.എ.വൈ പദ്ധതി, ഹഡ്കോ ലോൺ മുഖാന്തിരമുള്ള ഭവന നിർമ്മാണ പദ്ധതി എന്നിവയിലൂടെ ലക്ഷ്യം സാക്ഷാത്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | സി) | ജനറൽ ഹൗസിംഗ് പദ്ധതി വഴി നടപ്പ് വർഷം 2000 വീടുകളും, ഐ.എ.വൈ പദ്ധതി മുഖാന്തിരം 9337 വീടുകളും, ഹഡ്കോ ലോൺ ഉപയോഗിച്ച് ആകെ 5000 വീടുകളും നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ഡി) | പദ്ധതികൾ ആവിഷ്കരിക്കുന്നതിനും, നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | ഡി) | ജനറൽ ഹൗസിംഗ് പദ്ധതി നടത്തിപ്പിനായി അനുമതിയും ഫണ്ടും നൽകി കഴിഞ്ഞു. ഐ.എ.വൈ പദ്ധതി ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു. ഹഡ്കോ ലോൺ ലഭ്യമാക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ